കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടപ്പുറം ഗ്രാമപഞ്ചായത്ത്
2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ /135/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി:06/03/19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കടപ്പുറം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കടപ്പുറം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-7, 3-9 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ. 135/2019, തിയ്യതി : 06/03/19

# തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29/06/17 മുതൽ 19/01/19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ .കെ , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-01-2019 മുതൽ 31-01-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എൻ. സതീശൻ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ഹണി. കെ.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ഷൈനി കൃഷ്ണദാസ്. ഇ | അസി.ഓഡിറ്റ് ഓഫീസർ |
| | സുമ. വി.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ശ്രീ. പി.എം. മുജീബ് | പ്രസിഡന്റ് | 1.04.2017 മുതൽ 31.03.2018 വരെ |
| ശ്രീ. ജോസഫ്. ടി.കെ | സെക്രട്ടറി | 1.04.2017 മുതൽ 31.03.2018 വരെ |

സി)നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി. രിഷ്മ. പി.പി. | 01-04-2017 മുതൽ 07-10-2017 FN വരെ |
| | ശ്രീമതി. രാജിമോൾ. എസ്. രാജു | 07-10-2017AN മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ജോർജ്ജ് എബ്രഹാം | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. അരുൺ മുഹമ്മദ് | 01-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ശ്രീവൽസൻ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ. റോണിഷ് ജോസ്. | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. സ്വപ്ന | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഒഴിവ് | 01-04-2017 മുതൽ 21-04-2017 വരെ |
| | ശ്രീമതി. സബിത. കെ.കെ. | 22-04-2017 മുതൽ13-09-2017വരെ |
| | ശ്രീമതി. അംബിക | 14-09-2017 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ. ഉണ്ണിക്കൃഷ്ണൻ. വി.എ. | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (ബ്ളാങ്ങാട് സർക്കിൾ) | ശ്രീ. സിനോജ് | 01-04-2017 മുതൽ 01-07-2017 വരെ |
| | ഒഴിവ് | 02-07-2017 മുതൽ 07-08-2017 വരെ |
| | ശ്രീ.ശശിധരൻ. ടി.ബി. | 08-08-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (കടപ്പുറം സർക്കിൾ) | ശ്രീമതി. ജയന്തി. പി.കെ. | 01-04-2017 മുതൽ 30-06-2017 വരെ |
| | ഒഴിവ് | 01-07-2017 മുതൽ 04-07-2017 വരെ |
| | ശ്രീമതി. പത്മ. എം.എ | 05-07-2017 മുതൽ 08-08-2017 വരെ |
| | ശ്രീ. അരുൺ ജോസ് | 09-08-2017 മുതൽ 21-10-2017 വരെ |
| | ഒഴിവ് | 22-10-2017 മുതൽ 25-12-2017 വരെ |
| | ശ്രീ.ഷിജു. ടി.ബി. | 26-12-2017 മുതൽ 31-03-2018 വരെ |
| പ്രധാന അദ്ധ്യാപിക ജി.യു.പി.എസ് | ശ്രീമതി. ശാലിനി സനിൽ | 01-04-2017 മുതൽ 31-03-2018വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി. ഫാത്തിമ | 01-04-2017 മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ബജറ്റ് അവലോകനം | 2-1 |
| 14 | പാരാമെഡിക്കൽ രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ്എടുക്കാതെ പ്രവർത്തിക്കുന്നു | 2-2 |
| 15 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 16 | ഭവനനിധി രൂപീകരണം | 2-4 |
| 17 | ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്. | 2-5 |
| 18 | ഇ-ടെണ്ടർ - ടെണ്ടർ ഫോംവില ലഭ്യമായിട്ടില്ല | 2-6 |
| | ഭാഗം-3 | |
| 19 | വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ - അപാകതകൾ. | 3-1 |
| 20 | മഴക്കാലപൂർവ്വശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 3-2 |
| 21 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 3-3 |
| 22 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- പദ്ധതിയിലെ അപാകതകൾ | 3-4 |
| 23 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 3-5 |
| 24 | ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ -അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടില്ല | 3-6 |
| 25 | തെരുവുവിളക്ക് പരിപാലനം | 3-7 |

| | | |
|---|---|---|
| | -അടിസ്ഥാനവിവരങ്ങൾ ഇല്ല | |
| 26 | വിനിയോഗവിവരം ലഭിച്ചിട്ടില്ല. | 3-8 |
| 27 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - പഞ്ചായത്തിൽ കൃത്യമായ കണക്കുകൾ ഇല്ല | 3-9 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -അപാകതകൾ | 3-10 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 3-11 |
| 30 | ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല | 3-12 |
| 31 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ | 3-13 |
| 32 | മെഡിക്കൽ ഓഫീസർ , സി എച്ച് സി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 3-14 |
| 33 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-15 |
| 34 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം | 3-16 |
| 35 | നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല | 3-17 |
| 36 | റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല | 3-18 |
| 37 | മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിലെ അപാകതകൾ | 3-19 |
| 38 | ധനകാര്യകമ്മീഷൻ ഗ്രാന്റ് അനുമതിയില്ലാത്ത മേഖലകളിൽ ചെലവഴിച്ചു | 3-20 |
| | ഭാഗം-4 | |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

| | | |
|---|---|---|
| 50 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

23-03-2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 09-03-2018 ലെ 25-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പ്രതീക്ഷിത വരവ് – 128192000/-

പ്രതീക്ഷിത ചെലവ് –128660000/-

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 31-05-2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-06--2018 മുതൽ 14-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(38) തീയതി 13-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10100926.50 |
| വരവ് | 62186188 |
| ആകെ | 72287114.50 |
| ചെലവ് | 65731057 |
| നീക്കിയിരിപ്പ് | 6556057.50 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 14157000 | 14157000 | 11191683 | 2965317 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 5762478 | 5762478 | 3319062 | 2443416 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2998 | 2998 | 0 | 2998 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8287000 | 8287000 | 7237684 | 1049316 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3118000 | 3118000 | 2576967 | 541033 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | 0 | 6649569 | 6649569 | 5558748 | 1090821 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) – state | | 0 | 8882431 | 8882431 | 5926108 | 2956323 |
| Central | | 0 | 10049775 | 10049775 | 8662380 | 1387395 |
| സാക്ഷരത | | 44694 | 1666 | 46360 | 0 | 46360 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി (Revenue and capital expenditure) | 0 | 11936822 | 11936822 | 11936822 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2437 | 615826 | 618263 | 615722 | 2541 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ- (ഐ.സി.ഡി.എസ്) | | 767409 | 764757 | 1532166 | 746352 | 785814 |
| ശുചിത്വ മിഷൻ | | 160000 | 884506 | 1044506 | 918841 | 125665 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | 6212 | 231 | 6443 | 0 | 6443 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 0 | 0 | 0 | 0 | 0 |
| കേരളോൽസവം | | 0 | 20000 | 20000 | 0 | 20000 |
| വിമുക്തി | | 0 | 12500 | 12500 | 0 | 12500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 440000 | 440000 | 400000 | 40000 |
| | ജില്ലാ പഞ്ചായത്ത് | 0 | 1150000 | 150000 | 1150000 | 0 |
| ബി ഫണ്ട് : തൊഴിൽ രഹിത വേതനം | | 0 | 46800 | 46800 | 46800 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | | 0 | 90000 | 90000 | 90000 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | | 2686396 | 9325506 | 12011902 | 10692273 | 1319629 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (Chavakkad Firka Bank) | 7285950.50 | 5781488 | 13067438.50 | 8315344 | 4752094.50 |
| | ട്രഷറി അക്കൗണ്ട് | 2686396 | 9325506 | 12011902 | 10692273 | 1319629 |
| മറ്റിനം | e – payment | 0 | 348809 | 348809 | 649 | 348160 |
| | J V STSB | 0 | 1590000 | 1590000 | 1550000 | 40000 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 75140891 | 83 | 48088062 | 8 | 49 | 59.28 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2437 | 615826 | 615826 | 615722 | 2541 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12090177 | 12090177 | 12090177 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46800 | 87 |
| കർഷകതൊഴിലാളി പെൻഷൻ | 1957900 | 150 |
| വിധവാപെൻഷൻ | 15267000 | 1235 |
| വാർദ്ധക്യകാലപെൻഷൻ | 14212600 | 1125 |
| വികലാംഗ പെൻഷൻ | 4077400 | 353 |
| 50 വയസ്സിനുമേലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 519300 | 58 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 03 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന23-01-2019, 3.30 പി.എം ന് സ്ഥാപന തലവന്റെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,88,413/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല. ലൈഫ് മിഷന് വേണ്ടി ഭവന നിധി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വർഷാന്ത്യ നീക്കിയിരിപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. വിവരാവകാശം നിയമം അപേക്ഷ രജിസ്റ്ററിൽ ഇൻഫർമേഷൻ ഓഫീസർ ഒപ്പു വെച്ച് കാലികമാക്കി സൂക്ഷിക്കുന്നില്ല.നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

"സൂചിക"യിൽ നിന്നും ഫ്രണ്ട് ഓഫിസ് ഡയറി പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ഇരിപ്പിടം,ഹെൽപ് ഡെസ്ക്, കുടിവെള്ളം, എ.സി, ടി.വി എന്നീ സൗകര്യങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ടെങ്കിലും ടോക്കൺ സംവിധാനം, ടച്ച് സ്ക്രീൻ എന്നിവ സ്ഥാപിച്ചിട്ടില്ല.

ആഭ്യന്തരനിയന്ത്രണസംവിധാനങ്ങൾശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-01-2019 | 2018 ഡിസംബർ | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-11-2017 | 2012-13 മുതൽ 2016-17 വരെ | 16-01-2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ചാവക്കാട് ഫിർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള എസ്.ബി. അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ളതും, മൂന്നു മാസത്തിലധികമായി എൻക്യാഷ് ചെയ്യിട്ടില്ലാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ലാത്തതാണ്.

| ക്രമ നമ്പർ | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 21700392 | 08-09-2017 | 3024 |
| 2 | 21600642 | 19-12-2016 | 500 |
| 3 | 21500667 | 06-01-2016 | 1000 |
| 4 | 21500682 | 18-01-2016 | 1000 |
| 5 | 21500618 | 18-12-2015 | 1000 |
| 6 | 21400081 | 13-05-2014 | 125 |
| 7 | 21400031 | 21-04-2014 | 2880 |

| | | | |
|---|---|---|---|
| 8 | 21300624 | 07-12-2013 | 1750 |
| | | ആകെ | 11279 |

മേൽ പറഞ്ഞ ചെക്കുകളിൽ 1,000/- രൂപ മാത്രം Liability in respect of stale cheque എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2. വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിങ്ങ് ചട്ടങ്ങൾ 2011 ചട്ടം 62 (എഫ്)), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11-ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം (4,57,64,505/- രൂപ) പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11-ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാനായില്ല.

4. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ 'Net clearence in cash and cash equivalents' ആയി രേഖപ്പെടുത്തിയിരിക്കുന്നത്35,44,896/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ 'Net cash generated by operating+investing+Financing Activity' ആയി രേഖപ്പെടുത്തിയിരിക്കുന്നത് 98,55,664/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും, പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

5. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് സർട്ടിഫിക്കറ്റ് ചേർത്തിട്ടില്ല.

6. വസ്തു നികുതി കുടിശ്ശിക ഡിമാന്റ്, നീക്കിയിരുപ്പ് എന്നിവയിൽ സഞ്ചയ സാംഖ്യ സ്റ്റേറ്റ്മെന്റുകൾ പൊരുത്തപ്പെടുന്നില്ല. സ്റ്റേറ്റ്മെന്റുകളിലെ ഗണിത ക്രിയകളും ശരിയല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വസ്തു നികുതി കുടിശ്ശിക (റസിഡൻഷ്യൽ+നോൺ റസിഡൻഷ്യൽ) | സാംഖ്യ | സഞ്ചയ | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 7,99,317 (2016-17 AFS പ്രകാരം സെസ് കുറച്ചത്) | 6,79,760 | 1,19,557 |
| വരവ് | 5,82,552 | 5,82,552 | വ്യത്യാസമില്ല |
| നീക്കിയിരുപ്പ് | 1,21,361 | 97,208 | 24,153 |
| യഥാർത്ഥ വ്യത്യാസം | 2,16,765 | - | |

എന്നാൽ 07.03.18-ലെ പഞ്ചായത്തു കമ്മിറ്റി തീരുമാനം 3(1), 3(2), 3(3) എന്നിവ പ്രകാരം 1,25,566/- രൂപയുടെ വസ്തു നികുതി കുടിശ്ശിക എഴുതി തള്ളിയിട്ടുണ്ട്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് അവലോകനം

കേരളപഞ്ചായത്ത് രാജ് നിയമം 162 എ (1)ാം വകുപ്പ് പ്രകാരം ബജറ്റ് രൂപീകരണം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ പെടുന്നു. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(1 ബി), ഓരോ ഗ്രാമപഞ്ചായത്തും മാർച്ച് മാസം 31ാം തിയതിക്ക് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അന്തിമമായി പാസ്സാക്കണമെന്ന് നിഷ്കർഷിക്കുന്നു. ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ

ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനട്സ് പരിശോധിച്ചതിൽ ബജറ്റ് സംബന്ധമായ ചർച്ചകൾ നടന്നതായി രേഖപ്പെടുത്തലുകളില്ല. 09/02/2017 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് ചർച്ച നടത്തി. മെയിന്റനൻസ് ഫണ്ട് ആവശ്യകത സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി ഘടക സ്ഥാപനമേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വ ത്തിൽ 06/03/2017 ന് വിളിക്കുകയും 20/03/2017 ന് 2017-18 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 23/03/2017 ന് ഭരണസമിതി ബജറ്റ് അംഗീകരിച്ചു. 09/03/2018 ന് ഡി.പി.സി.അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തി ബജറ്റ് പുതുക്കുകയും പുതുക്കിയ ബജറ്റ് 09/03/2018 ന് അംഗീകരിക്കുകയും ചെയ്തു. ബജറ്റ് പ്രകാരം പഞ്ചായത്തിന്റെ പ്രതീക്ഷിത വരവ് 12,81,92,000/- രൂപയും ചെലവ് 12,86,60,000/- രൂപയുമാണ്. പ്രതീക്ഷിത ചെലവ് വരവിനേക്കാൾ അധികമായതിനാൽ നീക്കിയിരിപ്പില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214(ബി) പ്രകാരം "ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള പ്രവർത്തനനീക്കിയിരിപ്പ് നടപ്പു വർഷത്തെ മതിപ്പു വരവിൽ എൻഡോവ്മെന്റുകളിലും സർക്കാർ ഗ്രാന്റുകളിലും അംശാദായങ്ങളിലും ഋണശീർഷങ്ങളിലും നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ അഞ്ചു ശതമാനത്തിൽ കുറയാൻ പാടുള്ളതല്ല "എന്നു പറയുന്നുണ്ട്. ഇക്കാര്യത്തിലേക്ക് പഞ്ചായത്ത് അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ബജറ്റ് രൂപീകരണത്തിൽ നടപടിക്രമവും സമയക്രമവും പൂർണ്ണമായി പാലിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) , കെട്ടിടങ്ങളുടെ വിവരങ്ങളടങ്ങിയ അസസ്മെന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കപ്പെട്ടിട്ടുണ്ട്.

ബജറ്റ് രൂപീകരണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തി ജനക്ഷേമകരങ്ങളായ പദ്ധതികൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് സ്റ്റാന്റിംഗ് കമ്മറ്റികളുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 പാരാമെഡിക്കൽ രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ്എടുക്കാതെ പ്രവർത്തിക്കുന്നു

2017-18 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ നല്കിയ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

1. ഹെൽത്ത് & വെൽത്ത് അക്യുപങ്ചർ

2.ഔഷധാലയ ആയുർവ്വേദ ഹോസ്പിറ്റൽ

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/28.1.2019) മേൽ സ്ഥാപനങ്ങളിൽ ഡോക്ടറുടെ പരിശോധന മാത്രമേയുള്ളൂ എന്നാണ് മറുപടി നൽകിയത്. ക്ലിനിക്കായി പ്രവർത്തിക്കുന്നതിനു വേണ്ടിയാണ് പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുന്നത്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

മേൽ സ്ഥാപനങ്ങളെകൊണ്ട് ഡി&ഒ ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി

**<u>ഈടാക്കിയിട്ടില്ല.</u>**

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. സെൻട്രൽ ലാബോറട്ടറീസ്, അഞ്ചങ്ങാടി

2.ഹെൽത്ത് & വെൽത്ത് അക്യുപങ്ചർ

3.ഔഷധാലയ ആയുർവ്വേദ ഹോസ്പിറ്റൽ

4.ഫാത്തിമ ഡെന്റൽ കെയർ, ആറങ്ങാടി

5.മൈക്രോലാബ് ക്ലിനിക്കൽ ലാബോറട്ടറി

കൂടാതെ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, കെട്ടിട നിർമ്മാണ ചട്ട പ്രകാരം പ്ലാൻ തയ്യാറാക്കി നൽകുന്ന ലൈസൻസുള്ള സൂപ്പർ വൈസർ എന്നിവരിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/28.1.2019) തൊഴിൽനികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 <u>ഭവനനിധി രൂപീകരണം</u>

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിനനുസൃതമായി ഗ്രാമപഞ്ചായത്ത് കേരള ഗ്രാമീൺ ബാങ്ക്, ഗുരുവായൂർ, ബാങ്കിൽ 40304101024168 നമ്പറായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ടി അക്കൗണ്ടിലേക്ക് 500/- രൂപയാണ് വരവ് വന്നിട്ടുള്ളത്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 <u>ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.</u>

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില സർക്കാർ ഉത്തരവ് (എം.എസ്) 318/2013 ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 8,400/- രൂപ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ടി തുകയും, മുൻ വർഷങ്ങളിൽ

ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിൽ ലഭ്യമാകാൻ ബാക്കി തുകയുണ്ടെങ്കിൽ ആയതും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ -ടെണ്ടർഫോം വില ലഭ്യമായിട്ടില്ല

തൻവർഷം പഞ്ചായത്ത് ഇ -ടെണ്ടർ വഴി നടപ്പാക്കിയ പദ്ധതികളിൽ ടെണ്ടർഫോം വില പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | നിർവഹണഉദ്യോഗസ്ഥൻ | ലഭ്യമാകേണ്ട തുക |
|---|---|---|
| S059/18- എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | എച്ച് എം,ജി എഫ് യുപിഎസ് കടപ്പുറം | 15300(9*1700) |
| S005/18 – തെരുവുവിളക്ക് പരിപാലനം | സെക്രട്ടറി | 2800(1400*2) |
| S137/18 - തെരുവുവിളക്ക് വാങ്ങൽ | സെക്രട്ടറി | 708(3*236) |
| S123/18- LEDമിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | സെക്രട്ടറി | 12800(8*1600) |

ടെണ്ടർഫോം വില പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ - അപാകതകൾ.

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.

എ. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ.

ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച ആസൂത്രണ സമിതിയുടെ ആദ്യ യോഗം 08-02-2017 ന് ചേർന്നു. തുടർന്ന് 04-04-2017, 15-05-2017 എന്നീ തീയതിയിലും പഞ്ചായത്തിലെ ആസൂത്രണ സമിതി യോഗം നടന്നിട്ടുണ്ട്. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ മൂന്നു ഘടകങ്ങളേയും ഏകോപിപ്പിക്കുകയാണ് ആസൂത്രണ സമിതിയുടെ പ്രധാന കർത്തവ്യം. വർക്കിംഗ് ഗ്രൂപ്പു പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആസൂത്രണ സമിതിയാണ്. ഇത്തരത്തിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടുള്ളതായി യോഗ നടപടികളുടെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ (9-1-2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ.) പൂർണ്ണമായും പാലിച്ചു കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടുകൾ മേൽ പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടല്ല തയ്യാറാക്കിയിട്ടുള്ളത്.

ബി. വികസന സെമിനാർ

ഗ്രാമപഞ്ചായത്തിന്റെ 13-ാം പഞ്ചവൽസര പദ്ധതി 2017-18 വർഷത്തെ കരട് പദ്ധതി രേഖ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായുള്ള ഏകദിന വികസന സെമിനാർ 23-05-2017 ന് നടത്തുകയുണ്ടായി. പ്രസ്തുത സെമിനാറിൽ 153 പേർ പങ്കെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ 2017-18

വർഷത്തേക്കുള്ള കരട് പദ്ധതികൾ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ക്രോഡീകരിച്ചതിന്റെ കൃത്യമായ വിവരങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി. വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനത്തിലെ വീഴ്ചകൾ.

പഞ്ചായത്തിൽ നിലവിലുള്ള 12 വർക്കിംഗ് ഗ്രൂപ്പുകളുടേയും യോഗങ്ങളിൽ മുഴുവൻ അംഗങ്ങളും പങ്കെടുത്ത യോഗങ്ങൾ ഒന്നും തന്നെ 2017-18 വർഷത്തിൽ നടന്നിട്ടില്ല. ഒരു വർക്കിംഗ് ഗ്രൂപ്പിൽ പോലും വിഷയ വിദഗ്ധനെ ഉപാദ്ധ്യക്ഷനാക്കിയിട്ടില്ല.

സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം.

2017-18 വർഷത്തിൽ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേർന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര് | 2017-18 ൽ ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|
| ധനാകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 14 |
| വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 14 |
| ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 14 |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 16 |

നിയമത്തിന്റെയും, ചട്ടങ്ങളുടേയും, സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ആവശ്യമായ പ്രോജക്ടുകൾ ശുപാർശചെയ്യുന്നതിനും, ഏറ്റെടുത്ത പ്രോജക്ടുകൾ യഥാവിധി നടപ്പാക്കുന്നുവെന്നും ഫലപ്രാപ്തിയിൽ എത്തുന്നുവെന്നും ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്കാണ്. ഇപ്രകാരം പ്രവർത്തനങ്ങൾ കാഴ്ചവെക്കുവാൻ പര്യാപ്തമായ രീതിയിലുള്ള ക്രിയാത്മകമായ ചർച്ചകൾ നടക്കുന്നതിന്റെ വിവരങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തുന്നില്ല

സ്റ്റാന്റിംഗ് കമ്മറ്റികൾ യഥാവിധി പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിന് മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിയും.

## 3-2 മഴക്കാലപൂർവ്വശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

വൗച്ചർ നം - 21700127/16.5.17

തുക – 1,50,000/-

മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്ക് വാർഡ് തല ശുചിത്വകമ്മിറ്റിയ്ക്ക് നൽകുന്നതിനായി മെഡിക്കൽ ഓഫീസർ സി എച്ച് സി യ്ക്ക് മേൽ പ്രകാരം തുക കൈമാറിയിട്ടുണ്ട് എന്നാൽ പ്രവർത്തികൾ സംബന്ധിച്ച ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2008-09 വർഷം മുതലുള്ളതും കാലാവധി കഴിഞ്ഞതുമായ വിവിധ ഡെപ്പോസിറ്റ് തുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണെന്നിരിക്കെ ( കേരള ഫിനാൻഷ്യൽ കോഡ്, Vol I, ആർട്ടിക്കിൾ 282) തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി കാണുന്നില്ല. തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- പദ്ധതിയിലെ അപാകതകൾ

നിർവഹണഉദ്യോഗസ്ഥ –എച്ച് എം,ജി എഫ് യുപിഎസ് കടപ്പുറം

S059/18-- എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

ബിൽ നം.-- 4/21.3.18 – 5,82,936/-

24 ലാപ്പ്ടോപ്പുകൾ വിശ്വാസ് കമ്പ്യൂട്ടേഴ്സ് ,കുന്നംകുളം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി.

അപാകതകൾ

1. പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് സർവകലാശാല രജിസ്ട്രേഷൻ ലഭിച്ചതിന്റെ വിവരം ഫയലിൽ ഇല്ല.

| പേര് | കോഴ്സ് | കോളേജ് |
|---|---|---|
| നിന വി എം | ബികോം | ആര്യഭട്ടകോളേജ്, ഗുരുവായൂർ |
| സനിഷ പിവി | ബിഎ സോഷ്യോളജി | മേഴ്സി കോളേജ്, ഗുരുവായൂർ |
| വിശാഖ് സി എസ് | ബികോം | മേഴ്സി കോളേജ്, ഗുരുവായൂർ |
| രേഷ്മ പി വി | ബിഎ സോഷ്യോളജി | മേഴ്സി കോളേജ്, ഗുരുവായൂർ |
| അഖിൽ അർജ്ജുൻ | ബികോം | മായ കോളേജ് വലപ്പാട് |
| ശരണ്യ ശിവദാസൻ | എംകോം | വിസ്ഡം കോളേജ്, പാവറട്ടി |

ഷെർളി സി എസ് എന്ന വിദ്യാർത്ഥിയുടെ റേഷൻകാർഡിൽ പാവറട്ടി ഗ്രാമപഞ്ചായത്ത് എന്നാണ് ചേർത്തിട്ടുള്ളത്.(RC No.--1844023723)

ഈ വിദ്യാർത്ഥിനി കടപ്പുറം ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരിയാണെന്നത് ഉറപ്പുവരുത്തേണ്ടതാണ്.

2.ഒറിജിനൽ ഡെപ്പോസിറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിരിക്കുന്നു

വിശ്വാസ് കംപ്യൂട്ടേഴ്സ് ഹാജരാക്കിയ സുരക്ഷിതനിക്ഷേപം ഒറിജിനൽ രസീത് (നം.053244/8.3.18 –30000. യൂകോ ബാങ്ക്, കുന്നംകുളം) ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്.

പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 33(2),(3))

3.ടെണ്ടറിൽ UBUNTU16.4 എന്ന് കാണിച്ചിരുന്നുവെങ്കിലും സപ്ലൈ ചെയ്തത് 15.6 ആണ്. വിശ്വാസ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനം സപ്ലൈ ചെയ്ത ബില്ലിൽ ഓരോ കംപ്യൂട്ടറിന്റെയും സീരിയൽ നമ്പർ ഉണ്ട്. എന്നാൽ വിതരണം ചെയ്തതിൽ ഈ വിവരം ഇല്ല.

അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-5 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ S003/18-പദ്ധതി ആസൂത്രണം, നിർവഹണം, മോണിറ്ററിംഗ് എന്നീ പദ്ധതികളുടെ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്നതനുസരിച്ച് 1,74,774/- രൂപ പിൻവലിച്ചിട്ടുണ്ട്.

ബിൽ നം.-2/21.8.17-- 146550

ബിൽ നം.--8/25.9.17-- 18144

ബിൽ നം.--14/12.1.18-- 2016

ബിൽ നം.--13/12.1.18-- 8064

മേൽപറഞ്ഞ തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 1,74,774/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 22/29.01.2019).

## 3-6 ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ -അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 22/29.01.2019)

സെക്രട്ടറി നടപ്പാക്കിയ S126/18—ലൈബ്രറിയിലേക്ക് പുസ്തകം, ഷെൽഫ് വാങ്ങൽ എന്ന പദ്ധതിയിൽ ബിൽ നം.-23/27.3.18- 75,000/- രൂപ ചെലവഴിച്ച് കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്ന് പുസ്തകങ്ങൾ വാങ്ങി. പഞ്ചായത്തിൽ ലൈബ്രറി ഇല്ല. ഒരു റീഡിംഗ് റൂം മാത്രമാണ് ഉള്ളത്. പുസ്തകങ്ങൾ റീഡിംഗ് റൂമിലും പഞ്ചായത്തിന്റെ വിവിധ അലമാരകളിലും വച്ചിരിക്കുന്നു. പുസ്തകങ്ങൾക്കായി അലമാര ഇല്ല. ഈ പദ്ധതി പ്രകാരം ഷെൽഫ് വാങ്ങാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും വാങ്ങിയില്ല.

2018-19ൽ ലൈബ്രറിക്കായി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി ഉണ്ടെന്നും ആയത് നടപ്പാക്കിവരുന്നുവെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി പഞ്ചായത്ത് ലൈബ്രറി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 3-7 തെരുവുവിളക്ക് പരിപാലനം -- അടിസ്ഥാനവിവരങ്ങൾ ഇല്ല

തൻവർഷം തെരുവുവിളക്കുകൾക്കായി നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെചേർക്കുന്നു.

a)S017/18 – തെരുവുവിളക്ക് പരിപാലനം.

ബിൽ നം.-- 21/20.3.18-- 25,000/-

ബിൽ നം.--3/21.8.17-- 1,53,470/-

b)S005/18 -തെരുവുവിളക്ക് പരിപാലനം.

ബിൽ നം.-- 20/20.3.18-- 2,75,087/-

c)S137/18- തെരുവുവിളക്ക് വാങ്ങൽ

ബിൽ നം.--30/31.3.18—9,89,600/-

പദ്ധതിയിൽ ഏതെല്ലാം വിളക്കുകൾ എത്ര വീതം വാങ്ങണമെന്ന് ചേർത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്തവർ 256 single tube,224double tube, 256LED24Wഎന്നിവക്കാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ഇത്രയും വിളക്കുകൾ പഞ്ചായത്തിൽ ആവശ്യമുണ്ടെന്നതിനോ എവിടെയൊക്കെ സ്ഥാപിക്കണ്ടതുണ്ടെന്നതിനോ കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

2*15W 400 LED, 160 സിംഗിൾട്യൂബ്, 320ഡബിൾ ട്യൂബ് എന്നിവ വാങ്ങി. ഇവ സ്ഥാപിച്ചതായി മെമ്പർമാർ അറിയിച്ചിട്ടുണ്ട്.

റിപ്പയറിംഗിനായി ടെണ്ടർ ക്ഷണിച്ചത് 694 ഡബിൾട്യൂബ് 40W, 60 സിംഗിൾ ട്യൂബ് 40W, 143CFL എന്നിവക്കാണ്. എന്നാൽ ഇത്രയും വിളക്കുകൾ പഞ്ചായത്തിൽ ഉണ്ടെന്നുള്ളതിന് യാതൊരു രേഖകളും പഞ്ചായത്തിൽ ഇല്ല.

പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം സംബന്ധിച്ച യാതൊരു കണക്കും പഞ്ചായത്തിലില്ല. ഇതിന്റെ അടിസ്ഥാനത്തിൽ അല്ല ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല. കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുൻപ് കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നില്ല.

പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

d)S123/18-- LEDമിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ബിൽ നം.-- 27/27.3.18-- 3,58,400/-

4 LEDമിനിമാസ്റ്റ് ലൈറ്റ് വാങ്ങി.

വാങ്ങിയ വിളക്കുകൾ സ്ഥാപിച്ചതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കെ എസ് ഇബിയുടെ എസ്റ്റിമേറ്റ് മാത്രമാണ് ഉള്ളത്.

ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഉൾപ്പെടെയാണ് തുക സ്ഥാപനത്തിന് (Allumina Elecricals, മലപ്പുറം )നൽകേണ്ടത്. എന്നാൽ കെഎസ് ഇബിയുടെ പരിശോധനാറിപ്പോർട്ടോ ഇൻസ്റ്റലേഷൻ റിപ്പോർട്ടോ ഫയലിൽ ഇല്ല.

പുതിയതായി ഓരോവർഷവും വാങ്ങുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിന്റെ തെരുവുവിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കി ചേർത്ത് സൂക്ഷിക്കേണ്ടതാണ്. തെരുവുവിളക്കുകളുടെ അടിസ്ഥാനവിവരങ്ങൾ തയ്യാറാക്കിയതിനുശേഷം മാത്രം ടെണ്ടർ ക്ഷണിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 വിനിയോഗവിവരം ലഭിച്ചിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ധനവിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | ബിൽ നം,തുക | ഏജൻസി |
|---|---|---|
| S001/18-IKM വിഹിതം | 1/19.7.17-49815<br>26/27.3.18-19,648/- | IKM |
| S066/18-IMAബ്ലഡ്ബാങ്ക് വിഹിതം | 6/25.8.17--1,00,000/- | ജില്ലാപഞ്ചായത്ത് |
| S067/18-ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | 5/25.8.17—50,000/- | ജില്ലാപഞ്ചായത്ത് |
| S112/18-PMAYധനസഹായം (എസ് സി) | 24/27.3.18--2,00,000/- | ചാവക്കാട് ബ്ലോക്ക്പഞ്ചായത്ത് |

തുക കൈപ്പറ്റിയ ഏജൻസികളിൽ നിന്നുംവിശദമായ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 3-9 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - പഞ്ചായത്തിൽ കൃത്യമായ കണക്കുകൾ ഇല്ല

സെക്രട്ടറി നടപ്പാക്കിയ S002/18- വെള്ളക്കരം അടവാക്കൽ എന്ന പദ്ധതി പ്രകാരം താഴെച്ചേർക്കുവിധം തുക വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

ബിൽ നം.- 4/25.8.17-8,68,000/-

ബിൽ നം.- 9/27.9.17-2,00,000/-

ബിൽ നം.- 16/24.2.18-6,00,000/-

വാട്ടർ അതോറിറ്റിയുടെ 2315/11.8.17 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 75,60,934/- രൂപ അടവാക്കാൻ ഉണ്ട്.

കുടിശ്ശിക –71,77,682/-

2%പിഴ – 1,33,877/-

08/17ഡിമാന്റ് -- 2,49,375/-

കുടിശ്ശികയും പിഴയും വന്നതിന് കാരണം വ്യക്തമല്ല.

തൻവർഷം 16,68,000/- രൂപ അടവാക്കിയിട്ടുണ്ട്. എന്നിരുന്നാലും, 04/18 ലെ 2716/16.4.18 നമ്പർ ഡിമാന്റ് നോട്ടീസിലും പിഴ ചുമത്തിയിട്ടുണ്ട്.

കുടിശ്ശിക –86,60,626/-

2%പിഴ – 1,70,504/-

04/18ഡിമാന്റ് -- 2,49,375/-

570 ടാപ്പുകൾക്കാണ് തുക അടവാക്കുന്നത്.കുടിശ്ശിക,പിഴ എന്നിവയുടെ കാരണം പരിശോധിക്കേണ്ടതാണ്.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കൃത്യമാക്കി ആയതനുസരിച്ച് വെള്ളക്കരം അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി ചർച്ച നടത്തി പിഴപലിശ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 3/22.01.2019).

## 3-10 ഡെപ്പോസിറ്റ് പ്രവൃത്തികൾ -അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ ഡെപ്പോസിറ്റ് പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല.

1.S007/18-സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ.

ബിൽ നം.-- 7/25.9.17-- 6,95,310/-

ചെക്ക് നം. –1896521/22.9.17- 5 00 000/-(ജില്ലാപഞ്ചായത്ത് വിഹിതം).

തുക കെ എസ് ഇ ബിയിൽ അടവാക്കി.

ഇതു കൂടാതെ ഈ പദ്ധതിക്കായി 2016-17 ൽ (S066/17) 9,96,470/- രൂപ കെ എസ് ഇബിയിൽ അടവാക്കി.

സർക്കാർ ഉത്തരവ് നം.72/17 ത.സ്വ.ഭ.വ തീയതി 29.3.17 ഖ.8(3)(17) പ്രകാരം നിർമ്മാണപ്രവൃത്തിക്കായി തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുൻപായി എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

വിശദമായ എസ്റ്റിമേറ്റ്, സാങ്കേതികഅനുമതി എന്നിവ കെ എസ് ഇബി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കി ഫൈനൽ ബിൽ, ധനവിനിയോഗപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. S143/18-അഴിമുഖം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.

ബിൽ നം,--17/24.2.18-- 16,00,000/-

ബിൽ നം,--19/20.3.18-- 15,000/-

മുനക്കക്കടവ്-അഴിമുഖം വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തി വാർഡ് 9ൽ 12 പൊതുടാപ്പുകൾ സ്ഥാപിക്കുന്നതാണ് പദ്ധതി.

വിശദമായ എസ്റ്റിമേറ്റ്, സാങ്കേതികഅനുമതി എന്നിവ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കി ഫൈനൽ ബിൽ, ധനവിനിയോഗപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടില്ല.

3.S144/18- 9,10 വാർഡുകളിലേക്ക്പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.

ബിൽ നം,--18/20.3.18-- 61,000/-

വിശദമായ എസ്റ്റിമേറ്റ്, സാങ്കേതികഅനുമതി എന്നിവ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കി ഫൈനൽ ബിൽ, ധനവിനിയോഗപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മേൽപറഞ്ഞ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-11 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2013-14 മുതലുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

| പദ്ധതി | അടവാക്കിയ തുക | ചെലവ് | ബാക്കി | ഏജൻസി |
|---|---|---|---|---|
| 87/13-14 കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 1000000 | 755524 | 244476 | KWA |
| 131/15-16 കുടിവെള്ളപദ്ധതി | 385000(CFC) | 0 | 385000 | KWA |
| | 391000(KLGSDP) | 0 | 391000 | KWA |
| | 1070185 (PF) | 0 | 1070185 | KWA |
| കുടിവെള്ളപദ്ധതി | 250000 (DP) | 0 | 250000 | KWA |
| കറുകമാട് വാട്ടർടാങ്ക് നിർമ്മാണം | 999815 (KLGSDP) | 0 | 999815 | KWA |
| S145/15-16 | 743921 (CFC) | 0 | 743921 | KWA |
| “ | 410079 (PF G) | 0 | 410079 | KWA |
| S019/16-17 SCപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 129000 (PF SC) | 0 | 129000 | KWA |
| S066/16-17 Street main Extension | 637820 (PF) | 0 | 637820 | KSEB |
| | 358650 (CFC) | 0 | 358650 | KSEB |

പ്രവൃത്തികൾ പൂർത്തീകരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.പൂർത്തീകരിക്കുന്ന മുറക്ക് വിവരങ്ങൾ ചേർത്ത് മുൻകൂർ രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. വാർഷിക കണക്കുകളും, (ഷെഡ്യൂൾ – B18) മുൻകൂർ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 23/29.01.2019).

## 3-12 ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല.

തൻവർഷം പഞ്ചായത്തിൽ ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല. പദ്ധതിക്കായി വികസനഫണ്ടിൽനിന്ന് 50,000/- രൂപ (S062/18) വകയിരുത്തിയെങ്കിലും ചെലവഴിച്ചിട്ടില്ല.

പഞ്ചായത്തിലെ ആശ്രയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|

| | | |
|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ* | 112 | 110 |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 21 | 15 |
| നാളിതുവരെ ലഭിച്ചവർ | 12 | 2 |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 35 | 15 |
| നാളിതുവരെ ലഭിച്ചവർ | 26 | 0 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 37 | 14 |
| നാളിതുവരെ ലഭിച്ചവർ | 32 | 1 |
| കക്കൂസ് ആവശ്യമുള്ളവർ | 4 | 0 |
| നാളിതുവരെ ലഭിച്ചവർ | 4 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 52 | 0 |
| നാളിതുവരെ ലഭിച്ചവർ | 2 | 0 |
| കറന്റ് ആവശ്യമുള്ളവർ | 10 | 0 |
| നാളിതുവരെ ലഭിച്ചവർ | 1 | 0 |

ജി.ഒ (എം.എസ്)72/17/ത.സ്വ.ഭ.വ തീയതി 29.3.17 അനുബന്ധം 4 ഖണ്ഡിക 3.7(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 4 ഖണ്ഡിക 3.8പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം.

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. രണ്ടാം ഘട്ട പദ്ധതിയിൽ ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രൊജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ

I. പച്ചക്കറി വിത്ത് വിതരണം.

പ്രോജക്ട് നം 104/18

ബിൽ നം 3 /17-18 തിയതി 24.2.18 തുക 50,000/-

പദ്ധതി പ്രകാരം സ്റ്റേറ്റ് സീഡ് ഫാം പഴയന്നൂർ, പാണഞ്ചേരി എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് 1000 വിത്ത് കിറ്റുകൾ വാങ്ങി വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ എത്ര ഗുണഭോക്താക്കൾക്ക് എത്ര വീതം നൽകി എന്നത് വിതരണ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൃഷി ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണോ വിത്ത് കിറ്റ് വിതരണം നടത്തിയത് എന്നതും രജിസ്റ്റർ പരിശോധനയിൽ നിന്നും വ്യക്തമാകുന്നില്ല. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

II. നീർത്തട മാസ്റ്റർ പ്ലാൻ രൂപീകരണം.

പ്രോജക്ട് നം 122/18

ബിൽ നം 1 /17-18 തിയതി 28.2.18 തുക 3,02,956/-

ഐ.ആർ.റ്റി.സി,പാലക്കാട് മുഖേന നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയത് പ്രകാരം 23.10.17 ന് നിർവ്വഹണ ഉദ്യോഗസ്ഥനുമായി ധാരണാ പത്രം

ഒപ്പുവെച്ചിട്ടുള്ളതുമാണ്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനം നടത്തി മാസ്റ്റർ പ്ലാൻ റിപ്പോർട്ടും മാപ്പും തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 3,02,956/- രൂപ കൈമാറുന്നതിനും ധാരണപത്രത്തിൽ പറയുന്നു. ആയത് പ്രകാരമാണ് തുക സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. കരാർ പത്രികയിൽ പദ്ധതി എന്ന് പൂർത്തീകരിക്കും എന്ന വിവരവും ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ സംഘാടക സമിതികൾ രൂപീകരിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്ത് തല നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ, നീർത്തടാടിസ്ഥാനത്തിൽ സർവ്വെ നമ്പർ അടങ്ങിയ ഇടപെടൽ ഭൂപടം, മുഖ്യ ഇടപെടൽ രേഖപ്പെടുത്തിയ GISഭൂപടം എന്നിവ IRTC മുഖേന ലഭ്യമാക്കും എന്നാണ് ധാരണയായിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല എന്നു കാണുന്നു. മാസ്റ്റർ പ്ലാൻ അന്തിമറിപ്പോർട്ട് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, മേൽ പരാമർശിച്ച മറ്റ് അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

III. ഗുണഭോക്തൃവിഹിതം ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന പദ്ധതികളിൽ ഗുണഭോക്തൃ വിഹിതത്തിനായി ബിൽ തയ്യാറാക്കുന്നു.

പുതിയ ജലസേചന പമ്പ് സെറ്റ് അനുബന്ധ ഉപകരണങ്ങളോടെ എന്ന പദ്ധതിയിൽ ( പ്രോജക്ട് നം 77/18) പമ്പ് സെറ്റുകൾ ഗുണഭോക്താക്കൾ വാങ്ങി ബിൽ ഹാജരാക്കിയ മുറയ്ക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതമായ 55,521/- രൂപ ഓരോ ഗുണഭോക്താക്കൾക്കും അക്കൗണ്ടിലേക്ക് മാറുന്നതിനായി TR 59 (E) ട്രഷറി ബിൽ തയ്യാറാക്കിയതായി കാണുന്നു. ഇതേപ്രകാരം തെങ്ങിൻ തൈ വിതരണം (107/18) എന്ന പദ്ധതിയിലും ഗുണഭോക്താവ് മുഴുവൻ തുകയും നൽകി തൈകൾ കൃഷി ഭവനിൽ നിന്നും വാങ്ങുകയും ആയതിന് TR 5 രശീതി നൽകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം സബ്സിഡി തുക അക്കൗണ്ടിലേക്ക് നൽകി. ഗുണഭോക്തൃ വിഹിതമായ 4,307/- രൂപ ഓരോ ഗുണഭോക്താക്കൾക്കും അക്കൗണ്ടിലേക്ക് മാറുന്നതിനായി TR 59 (E) ട്രഷറി ബിൽ തയ്യാറാക്കി. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (എൻക്വയറി നം 28/30.1.19) സാങ്കേതികമായി ഗുണഭോക്തൃ വിഹിതം കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ സുലേഖ സോഫ്റ്റ് വെയറിൽ പദ്ധതി ചെലവിന്റെ പൂർത്തീകരണം പൂർത്തിയാവുകയുള്ളൂ എന്ന് പഞ്ചായത്തിൽ നിന്നും മറുപടി അറിയിച്ചതിനാലാണ് ഇത്തരത്തില് ഗുണഭോക്തൃവിഹിതത്തിന് ബിൽ തയ്യാറാക്കിയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ബിൽ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത പുന:പരിശോധിക്കേണ്ടതാണ്.

## 3-14 മെഡിക്കൽ ഓഫീസർ , സി എച്ച് സി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

I. കാൻസർ നിർണ്ണയ ക്യാമ്പ്- രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നം 80/18

ബിൽ നം /17-18 തിയതി. തുക 14,350/-

പദ്ധതി പ്രകാരം ഡോക്ടർമാരുടെ ഹോണറേറിയം ഇനത്തിൽ 6,350/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആർക്കൊക്കെ തുക നൽകി എന്നത് വ്യക്തമല്ല. കൈപ്പറ്റ് രശീതിയും ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

II. പാലിയേറ്റീവ് കെയർ- മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം 73/18

ചെലവ് :പ്ലാൻ ഫണ്ട് - 3,00,000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 2,50,000/-

പദ്ധതി പ്രകാരം മരുന്നു വാങ്ങുന്നതിനായി കെ എം എസ് സി എൽ ന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് 1,82,944/- രൂപ കൈമാറിയിട്ടുണ്ട്. ( വൗച്ചർ നം 21700980/24.3.18, ബിൽ നം 5/17-18/ 31.3.18) നാളിതുവരെ 113701 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത് 69,243/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കേണ്ടതായുണ്ട്. ലഭ്യമാകാത്ത മരുന്നുകളുടെ വില 69,243/- രൂപ തടസ്സപ്പെടുത്തുന്നു. പെയിൻ ആന്റ്

പാലിയേറ്റീവ് പോലുള്ള പദ്ധതിയ്ക്കായി മരുന്നുകൾ വാങ്ങുമ്പോൾ പദ്ധതിയുടെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് മരുന്നുകൾ താമസംവിനാ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം

2017-18 ലെ ആക്ഷൻ പ്ലാൻ പ്രകാരം 388 പദ്ധതികളാണ് തൻവർഷത്തിൽ നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിരുന്നത്. ഇതിൽ 260 പ്രവൃത്തികളാണ് പൂർത്തിയാക്കിയത്. 2017-18 വർഷത്തിൽ 29342 തൊഴിൽദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ആകെ തൊഴിൽ ലഭ്യമായ 628 കുടുംബങ്ങളിൽ 135 കുടുംബങ്ങൾ 100 ദിനം പൂർത്തിയാക്കി.

2017-18 ൽ പൂർത്തിയാക്കിയ സ്ഥിരം ആസ്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ആസ്തിയുടെ പേര് | എണ്ണം |
|---|---|---|
| 1 | അംഗൻവാടി | 2 |
| 2 | കിയോസ്ക് ബേസ്മെന്റ് | 1 |
| 3 | കോഴിക്കൂട് | 1 |
| 4 | റോഡ് | 8 |
| 5 | കമ്പോസ്റ്റ് പിറ്റ് | 19 |
| 6 | കിണർ | 5 |

വ്യത്യസ്തങ്ങളായ ആസ്തികൾ വിഭാവനം ചെയ്ത് പൂർത്തീകരിച്ചത് അഭിനന്ദനാർഹമാണ്.

മേൽ വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | എണ്ണം |
|---|---|---|
| 1 | വരൾച്ച തടയൽ ,വന വത്ക്കരണം | 14 |
| 2 | പട്ടിക ജാതി /പട്ടിക വർഗ്ഗക്കാര് തുടങ്ങിയവരുടെ ഭൂമിയിലെ ജല സംരക്ഷണം | 256 |
| 3 | പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 28 |
| 4 | മറ്റുള്ളവ | 90 |

പട്ടിക ജാതി /പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിലെ ജല സംരക്ഷണത്തിനായി കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചത് ശ്ലാഘനീയമാണ്.

എന്നാൽ പൊതു ഇടങ്ങളിലെ മണ്ണ്, ജല സംരക്ഷണം, ചെറുകിട ജലസേചനം, ഭൂവികസനം, വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവക്കായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. തീരദേശ മേഘലക്ക് അനുയോജ്യമായ വിധത്തിൽ പദ്ധതികൾ രൂപീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യമെന്നത് ആസ്തി സൃഷ്ടിക്കുന്നതിനേക്കാളുപരി ദുർബലജനവിഭാഗങ്ങൾക്ക് തൊഴിൽ സൃഷ്ടിക്കുകയും അതുവഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്. പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-16 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| എണ്ണം | 61 | 41 | 67.21 |
| തുക | 3,49,02,871/- | 2,42,94,328/- | 69.60 |

അംഗീകാരം ലഭിച്ചവയിൽ 73.77% പ്രൊജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. വകയിരുത്തിയ തുകയുടെ 69.60% ഇതിനായി ചെലവഴിച്ചു. ആകെ വകയിരുത്തിയ 3,49,02,871/- രൂപയിൽ 2,42,94,328/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ ഭൂരിഭാഗം പ്രോജക്ടുകളും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-17 നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല

13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/ത.സ്വ.ഭ.വ യിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളാതെ തയ്യാറാക്കപ്പെട്ടിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകൾ പല മരാമത്ത് ഫയലുകളിലും വെച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പദ്ധതികളുടെ മോണിറ്ററിംഗ് ഉറപ്പു വരുത്തുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017-ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. മുൻപുള്ള മാർഗ്ഗരേഖകളിലും ഈ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും കടപ്പുറം ഗ്രാമ പഞ്ചായത്തിൽ നാളിതുവരെയായി ഇവ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-19 മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിലെ അപാകതകൾ

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ, പല പ്രവൃത്തികളിലും, നിയമാനുസൃതം പാലിക്കപ്പെടേണ്ട നടപടിക്രമങ്ങൾ പാലിച്ചുകാണുന്നില്ല. നടപടിക്രമങ്ങളിൽ അപാകതകളുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര്/പ്രോജക്ട് നമ്പർ | ബിൽ നമ്പർ, തുക | അടങ്കൽ | കരാറുകാരൻ | നിർവ്വഹണ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | SO29/18<br>മാട്ടുമ്മൽ കാരെക്കടവ് റോഡ് റീ ടാറിംഗ് | 2/17-18<br>28-6-17<br>186125/- | 2,00,000 | പി.പി. സുനിൽ കുമാർ.. | അസി. എഞ്ചിനീയർ | കരാർ വെച്ചതിൽ കാലതാമസം.<br>20-1-17 ന് വർക്ക് ഓർഡർ നൽകിയിട്ടും 1-3-17നാണ് കരാർ വെച്ചിട്ടുള്ളത്. |
| 2 | 50/18<br>ലൈറ്റ് ഹൗസ് റോഡ് റീ ടാറിംഗ് | 30/17-18<br>28-2-18<br>73,900/- | 82,000 | എൻ.പി.മുഹമ്മദ്മോൻ | അസി. എഞ്ചിനീയർ | ടെണ്ടർ ഫോം, ടെണ്ടർ ഷെഡ്യൂൾ എന്നിവ ഹാജരാക്കിയിട്ടില്ല. വർക്ക് ഓർഡറിൽ (സെലക്ഷൻ നോട്ടീസ്) തീയതിയും മറ്റു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. 14-02-2018 ന് കരാർ ഉടമ്പടി വെച്ചിട്ടുണ്ട് |
| 3 | 94/18<br>അഞ്ചങ്ങാടി ഫോക്കസ് റോഡ് റീടാറിംഗ് | 36/17-18<br>6-3-18<br>108451/ | 353000 | എൻ.പി.മുഹമ്മദ്മോൻ | അസി. . എഞ്ചിനീയർ | ടെണ്ടർ ഫോം, ടെണ്ടർ ഷെഡ്യൂൾ എന്നിവ ഹാജരാക്കിയിട്ടില്ല. വർക്ക് ഓർഡറിൽ (സെലക്ഷൻ നോട്ടീസ്) തീയതിയും മറ്റു വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. 14-02-2018 ന് കരാർ ഉടമ്പടി വെച്ചിട്ടുണ്ട് |
| 4 | 49/18<br>ബി.കെ.സി. തങ്ങൾ അനുബന്ധ റോഡ് മെറ്റലിംഗ്, ടാറിംഗ് | 39/17-18<br>6-3-18<br>107339/ | 108000 | എൻ.പി.മുഹമ്മദ്മോൻ | അസി. എഞ്ചിനീയർ | ടെണ്ടർ ഫോം, ടെണ്ടർ ഷെഡ്യൂൾ എന്നിവ ഹാജരാക്കിയിട്ടില്ല. വർക്ക് ഓർഡറിൽ (സെലക്ഷൻ നോട്ടീസ്) തീയതിയും മറ്റു വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. 14-02-2018 ന് കരാർ ഉടമ്പടി വെച്ചിട്ടുണ്ട് |
| 5 | 47/18<br>ബീരമുസ്ല്യാർ റോഡ് മെയിന്റനൻസ് | 34/24-2-18<br>330066/- | 621681 | എൻ.പി.മുഹമ്മദ്മോൻ | അസി. എഞ്ചിനീയർ | സർക്കാർ ഉത്തരവു പ്രകാരം ഷ്രെഡഡ് പ്ളാസ്റ്റിക് ഉപയോഗിച്ച് മെയിന്റൻസ് നടത്തുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ആയത് നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

റോഡ് ടാറിംഗ് പ്രവർത്തികളുടെ അളവു പുസ്തകങ്ങളിൽ പലതിലും ടാറിന്റെ ഉപയുക്തത രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ 49/18 – ബി.കെ.സി. തങ്ങൾ അനുബന്ധ റോഡ് മെറ്റലിംഗ് & ടാറിംഗ് (എം. ബുക്ക് 60/17-18).

2. പ്രോജക്ട് നമ്പർ 50/18 – ലൈറ്റ് ഹൗസ് റോഡ് റീ ടാറിംഗ് (എം. ബുക്ക് 64/17-18).

3. പ്രോജക്ട് നമ്പർ 94/18 –അഞ്ചങ്ങാടി ഫോക്കസ് റോഡ് റീ ടാറിംഗ്. (എം. ബുക്ക് 59/17-18).

കരാർ ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല. പല ഫയലുകളിലും ടെണ്ടർ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ രേഖകൾ ഇല്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 26/17-18 തീയതി - 30-01-2019) നൽകിയതിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങളിൽ നിയമ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-20 ധനകാര്യകമ്മീഷൻ ഗ്രാന്റ് അനുമതിയില്ലാത്ത മേഖലകളിൽ ചെലവഴിച്ചു

താഴെപ്പറയുന്ന പദ്ധതികളിൽ വിഭവ സ്രോതസ്സായി വകയിരുത്തി ചെലവഴിച്ചിട്ടുള്ളത് ധനകാര്യകമ്മീഷൻ ഗ്രാന്റാണ്. 2017-18 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖയായ ജി.ഒ (എം.എസ്) നം. 72/2017/ത.സ്വ.ഭ.വ. തി. 29.03.2017, ഖ.13.8 പ്രകാരം പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് അടിസ്ഥാന സേവനസൗകര്യങ്ങളായ കുടിവെള്ളവിതരണം, ശുചിത്വം/കക്കൂസ് മാലിന്യ പരിപാലനം, മലിനജല നിർഗ്ഗമനം/ഖരമാലിന്യം എന്നിവയുടെ പരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ, ഗ്രാമപഞ്ചായത്തിന്റേയും ഘടകസ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ സംരക്ഷണം/പരിപാലനം, റോഡുകളുടെ സംരക്ഷണം / പരിപാലനം, നടപ്പാതകളുടെ നിർമ്മാണം, തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിന് വേണ്ടി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. എന്നാൽ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെപ്പറയുന്ന പദ്ധതികൾക്ക് മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാന്റ് ഉപയോഗിച്ചതായി കാണുന്നു.

| പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| S0131/18, കൃഷിഭവൻ നിർമ്മാണം | 1,92,900/- | 1,92,900/-<br>ട്രഷറി ബിൽ :<br>51/31-3-18/- |
| S0130/18<br>26-ാം നമ്പർ<br>അംഗൻവാടി ഷീറ്റിടൽ<br>വാർഡ് 3 | 1,45,690/- | 1,33,057-<br>ട്രഷറി ബിൽ :<br>52/17-18<br>dt. 31.03.18 |
| S0132/18<br>അംഗൻവാടി പെയിന്റിംഗ്, ചുമർ ചിത്രങ്ങൾ വരക്കൽ | 2,50,000/- | 2,44,404/-<br>ട്രഷറി ബിൽ:<br>49/17-18<br>dt.31-03-18 |
| ആകെ | 5,88,590 | 5,70,361 |

ടി വിഷയവുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/17-18 തീയതി - 25-01-2019) ലഭ്യമാക്കിയ മറുപടിയിൽ, പ്രോജക്ട് നമ്പർ 131/18, 132/18 എന്നിവ 2016-17 സാമ്പത്തിക വർഷത്തെ മാർഗ്ഗരേഖ അനുസരിച്ച് തയ്യാറാക്കിയ പ്രവൃത്തിയാണെന്ന് അറിയിച്ചു. ഇതിൽ പ്രൊജക്ട് നമ്പർ 131/18 കൃഷി ഭവൻ നിർമ്മാണം എന്ന പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചത് അനുവദനീയമല്ല. (സർക്കാർ ഉത്തരവ് നമ്പർ എം.എസ്.നം. 4/16 ത.സ്വ.ഭ.വ തീയതി 11.01.2016).

പ്രോജക്ട് നമ്പർ 130/18 – 26-ാം നമ്പർ അംഗൻവാടി ഷീറ്റിടൽ എന്ന പ്രവൃത്തി 2017-18 സാമ്പത്തിക വർഷത്തിലെ പ്രവൃത്തിയായതിനാൽ 2017-18 വർഷത്തേക്ക് ബാധകമായ പദ്ധതിമാർഗ്ഗ രേഖക്ക് വിരുദ്ധമായ പ്രവത്തിയാണ്. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 400000 | ശാരീരിക മാനസിക വെല്ലുവിളിയുള്ളവർക്ക് സ്കോളർഷിപ്പ്. പ്രോജക്ട് നമ്പർ 12/18 | 400000 | 0 |
| ,, | ,, | 500000 | സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രോജക്ട് നമ്പർ 7/18 | 500000 | 0 |
| ,, | ,, | 250000 | പാലിയേറ്റീവ് കെയർ. പ്രോജക്ട് നമ്പർ 73/18 | 250000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | ,, | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. പ്രോജക്ട് നമ്പർ 12/18 | 400000 | 0 |
| ,, | ,, | 40000 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ. പ്രോജക്ട് നമ്പർ 81/18 | 0 | 40000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21700819 dt. 22-9-2017-695310 21700428 dt. 22-9-2017 – 50000 - | 1195310 | 0 | 1195310 |
| K W A | അഴിമുഖം പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21700855 dt. 9-2-2017 – 1600000 21701024 dt. 27-2-2017 – 15000 | 1615000 | 0 | 1615000 |
| K W A | 9, 10 വാർഡുകളിലേക്ക് | 21700997 dt. 27-2-2017 – | 61000 | 0 | 61000 |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 61000 | | | |

കുറിപ്പ് :- കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച മൊത്തം 11,95,310/- രൂപയിൽ 4,43,510/- രൂപയുടെ ചെക്ക് നമ്പർ മാത്രമെ ലഭ്യമായിട്ടുള്ളൂ. ബാക്കി 4,51,800/- രൂപ നിക്ഷേപിച്ചതിന്റെ ചെക്ക് നമ്പർ ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | ഭാഗം 1 | 2016-17 | 1-1 to 1-10 | | പ്രത്യേക പരാമർശമില്ല |
| | ഭാഗം 11 | 2016-17 | 2-1 to 2-7 | | 2-2, 2-5,2-6(2),2-7 എന്നിവയിൽ പരാമർശം ഒഴിവാക്കി |
| | ഭാഗം 111 | 2016-17 | 3-1 to 3-22 | | 3-1, 3-7, 3-8, 3-21, 3-22 എന്നീ പരാമർശങ്ങൾ ഒഴിവാക്കി |
| | ഭാഗം IV | 2016-17 | 4-1, 4-8 | | പ്രത്യേ പരാമർശമില്ല |
| 2014-15 | | | 1-1 to 1-10 | | 1-1, 1-2 പരാമർശമില്ല 1-4 to 1-10 പരാമർശമില്ല |
| | | | 2-1(1) to 2-1(3) | | 2-1(1), 2-1(3)പരാമർശമില്ല |
| | | | 2-1 to 2-4 | | 2-2, 2-4 പരാമർശമില്ല |
| | | | 3-1 to 2-23 | | 3-5, 3-6, 3-7, 3-17, 3-19, 3-21, 3-23 പരാമർശമില്ല |

| | | | | | |
|---|---|---|---|---|---|
| | | | 4-1 to 4-9 | | 4-1 to 4-9 പരാമർശമില്ല |
| 2013-14 | | 2015-16 | 1-1 to 1-11 | | 1-1 to 1-9 പരാമർശമില്ല |
| | | | 2-1 to 2-4 | | 2-3, 2-4 പരാമർശമില്ല |
| | | | 3-1 to 3-24 | | 3-2,3-3, 3-7, 3-12,3-13, 3-14, 3-20, 3-23, 3-24 പരാമർശമില്ല |
| | | | 4-1 to 4-8 | | 4-1 to 4-7 വരെ പരാമർശമില്ല |
| 2009-10 2010-11 | ഭാഗം 1 | 2013-14 | 1-4 to 1-14 | | പരാമർശമില്ല |
| | ഭാഗം 11 | | 2-1 to 2-8 | | 2-1, 2-2 പരാമർശമില്ല |
| | ഭാഗം 111 | | 3-1 to 3-15 | | 3-9, 3-10 പരാമർശമില്ല |
| | ഭാഗം IV | | 4-1 to 4-6 | | 4-1 to 4-5 വരെ പരാമർശമില്ല |
| 2012-13 | ഭാഗം 1 | 2015-16 | 1-1 to 1-10 | | 1-1, 1-2, 1-3, 1-5, 1-7, 1-9 പരാമർശമില്ല |
| | ഭാഗം 11 | | 2-1 | | പരാമർശമില്ല |
| | ഭാഗം 111 | | 3-1 to 3-18 | | 3-1, 3-10 പരാമർശം ഒഴിവായി |
| | ഭാസം IV | | 4-1, 4-2, 4-3(A to F),4-4 | | 4-1, 4-2, 4-3A, 4-3D, 4-3E, 4-4 പരാമർശം ഒഴിവായി |
| 2011-12 | ഭാഗം 11 | | 2-1 to 2-6 | | 2-1, 2-3, 2-4 ഒഴിവായി |
| | ഭാഗം 111 | | 3-1 to 3-15 | | 3-3, 3-13 പരാമർശം ഒഴിവായി |

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62186188 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65731057 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,00,367 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 150000 | ശ്രീ ജോസഫ്.ടി.കെ, സെക്രട്ടറി. |
| 3-5 | 174774 | ശ്രീ ജോസഫ്.ടി.കെ, സെക്രട്ടറി. |
| 3-14(1) | 6350 | |
| 3-14(2) | 69243 | |
| ആകെ | 4,00,367 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല.

## 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1989-90 | എൽ.എഫ്.ടി.11-122/95/ തിയ്യതി 4.10.98 |
| 1990-91 | എൽ.എഫ്.ടി. (എസ്. 2) 1316/11/തിയ്യതി 14.7.11 |
| 1991-92 | |
| 92-93, 93-94 | |
| 96-97 | എൽ.എഫ്.ടി. 11-316/98/തിയ്യതി 4.6.98 |
| 97-9 | എൽ.എഫ്.ടി.13-1866/99/ തിയ്യതി 3.7.2000 |
| 98-99 | എൽ.എഫ്.ടി. 11- 287/01/ തിയ്യതി 18.5.01 |
| 99-2000, 2000-01, 01-02 പദ്ധതി വിഹിതം | എൽ.എഫ്.ടി. 13- 1369/03/ തിയ്യതി 16.4.04 |
| 2003-04 | എൽ.എഫ്.ടി.13-96/06 |
| 04-05 | എൽ.എഫ്.ടി.13-280/07/ തിയ്യതി 2.6.07 |
| 05-06 | എൽ.എഫ്.ടി. 13- 2200/08/ തിയ്യതി 7.12.09 |
| 06-07 | എൽ.എഫ്.ടി. 13- 2201/08/തിയ്യതി 7.6.11 |
| 07-08 | എൽ.എഫ്.ടി.പി. 4- 2148/11 തിയ്യതി 29.11.11/5.3.12 |
| 08-09 | എൽ.എഫ്.ടി.പി. 4- 2149/11 തിയ്യതി 7.1.12/18.5.12 |

| | |
|---|---|
| 09-10, 10-11 | എൽ.എഫ്.ടി.പി. 4- 2398/12 തിയ്യതി 8.3.13/11.7.13 |
| 11-12 | എൽ.എഫ്.ടി.പി. 4- 1433/13 തിയ്യതി18.2.14/1.4.14 |
| 12-13 | എൽ.എഫ്.ടി.പി. 8- 1767/14 തിയ്യതി 10.2.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർപി3-192/16 തിയ്യതി 9/2/16/ 17.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)1277/16, തിയ്യതി 29.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8)2060/16 തിയ്യതി 05/12/16/ 21.1.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1056/17 തീായതി 25-07-2017 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം - 2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br><br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ